# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4021**

**11-11-2019 ൽ മറുപടിയ്ക്ക്**

# വിഴിഞ്ഞം തുറമുഖത്തിന്റെ റെയിൽ കണക്ടിവിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വിൻസെന്റ്: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖത്തിന്റെ റെയിൽ കണക്ടിവിറ്റിയുടെ രൂപരേഖക്ക് അന്തിമ അനുമതി ലഭിച്ചിട്ടുണ്ടോ; നിലവിലെ പ്രൊപ്പോസൽ അനുസരിച്ച് ഏതെല്ലാം സ്ഥലത്ത് കൂടിയാണ് റെയിൽ പാത ഉപരിതലത്തിലൂടെ കടന്നുപോകുന്നത്; ഉപരിതലത്തിൽ പാതയുടെ നീളം എത്രയാണ് ; | (എ) ഇല്ല.<br>റെയിൽപാതയുടെ ആരംഭത്തിൽ വിഴിഞ്ഞം തുറമുഖഭാഗത്ത് ഏകദേശം 130 മീറ്ററും, റെയിൽപാത അവസാനിക്കുന്ന ബാലരാമപുരം റെയിൽവേസ്റ്റേഷൻ ഭാഗത്ത് ഏകദേശം 1.6 കിലോമീറ്ററാണ് ഉപരിതലത്തിൽ കൂടെ കടന്നുപോകുന്ന തരത്തിലാണ് രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. ആയത് ദക്ഷിണ റയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) ഭൂഗർഭ റെയിൽ പാതക്ക് എത്ര കിലോമീറ്റർ നീളമാണ് ഉള്ളത്; എത്ര മീറ്റർ താഴ്ചയിലാണ് റെയിൽ പാത ഭൂമിക്കടിയിലൂടെ കടന്നുപോകുന്നത് ; | (ബി) ഏകദേശം 9.0 കിലോമീറ്ററാണ് ഭൂഗർഭപാതയുടെ നീളം. പരമാവധി 48 മീറ്റർ വരെ താഴ്ചയിൽ റെയിൽപാത ഭൂമിക്കടിയിലൂടെയാണ് കടന്നുപോകുന്നത്. ആയതിന് റെയിൽവേയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. |
| (സി) റെയിൽ പാതയുടെ അടങ്കൽ തുക എത്രയാണ്; വ്യക്തമാക്കുമോ ? | (സി) റെയിൽവേയുടെ അനുമതി ലഭിച്ചാൽ മാത്രമേ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കാൻ കഴിയുകയുള്ളൂ. നിലവിലുള്ള എസ്റ്റിമേറ്റ് അനുസരിച്ച് 1032 കോടി രൂപ (സ്ഥലം ഏറ്റെടുക്കൽ ചിലവ് ഉൾപ്പെടെ) യാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**